"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതം - ഒന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ(സി) വകുപ്പ്

സ.ഉ.(സാധാ) നം.212/2024/CLAD തീയതി,തിരുവനന്തപുരം, 20-04-2024

---

പരാമർശം:- കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ 08.04.2024 തീയതിയിലെ 5406 /അക്കൗണ്ട്സ്/2022/സി.ഡബ്ല്യു.ബി നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് 2024-25 സാമ്പത്തിക വർഷം 2205-00-102-31-10 (നോൺ പ്ലാൻ) ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിരിക്കുന്ന 22,50,000/-രൂപയിൽ (ഇരുപത്തിരണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) നിന്ന് ഭരണച്ചെലവുകൾക്കായി ആദ്യ ഗഡുവായി 8,00,000/-രൂപ അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ഓഫീസിന്റെ ചെലവിനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം "2205-00-102-31-10 (നോൺപ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള 22,50,000/- (ഇരുപത്തി രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയിൽ നിന്നും 4,50,000/- (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ആദ്യ ഗഡുവായി അനുവദിച്ച് നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈനായി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള അക്കൗണ്ട് നമ്പരും അനുബന്ധ വിശദാംശങ്ങളും ക്ഷേമനിധി ബോർഡ് സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർ ക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്,

തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (19.04.2024-ലെ EDN-C3/136/2024-FIN നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C3/158/2024/CLAD)

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
Date: 20-04-2024 17:09:39

സെക്ഷൻ ഓഫീസർ